പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1450

30.01.2018-ൽ
മറുപടിക്ക്

## കായൽ കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിൽ വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ കായൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജ് മാർത്താണ്ഡം കായൽ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് 22.09.2017-നും 20.10.2017-നും സർക്കാരിലേയ്ക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള കുറ്റം പ്രസ്തുത കമ്പനി നടത്തിയിട്ടുണ്ട് എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; | (ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിന്റെ വടക്ക പടിഞ്ഞാറെ മൂലയിൽ നിന്നും കിഴക്കോട്ടും തെക്കോട്ടും വാട്ടർവേൾഡ് ടൂറിസം കമ്പനി ഗ്രാവൽ ഇട്ട് ടി പ്രദേശം ഉയർത്തിയതായും നിലവിലെ ഭൂമിയുടെ ഘടനയിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള തായും പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ എന്തെല്ലാം നടപടികൾ ഈ കമ്പനിക്കെതിരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ? | (സി) കുട്ടനാട് തഹസീൽദാർ (ഭൂരേഖ) മുഖേന സർവ്വെ നടപടികൾ നടത്തുകയും അനധികൃത കൈയ്യേറ്റം കണ്ടെത്തിയതിനാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**